# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6216

02.04.2018- ൽ മറുപടി
നൽകേണ്ടിയിരുന്നത്

## സഹകരണ ബാങ്കിങ് മേഖലയിൽ ആധുനികവത്ക്കരണം

**ചോദ്യം**

**ശ്രീ. അനിൽ അക്കര**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു.സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് സഹകരണ ബാങ്കിങ് മേഖലയിൽ ആധുനികവത്ക്കരണം കൊണ്ടുവരാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്മിറ്റിയിലെ അംഗങ്ങളുടെ വിവരങ്ങൾ നൽകാമോ;

(സി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിങ് ഇഹ്ഫ്രാസിന് നല്കാൻ പ്രസ്തുത കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ?

(എ) യും (ബി) യും (സി) യും

സംസ്ഥാനത്ത് സഹകരണ ബാങ്കിംഗ് മേഖലയിൽ ആധുനികവത്ക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് കൊണ്ട് **09.12.2015** ലെ സ.ഉ (സാധാ) നം.**738/15/**സഹ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി സ്റ്റിയറിംഗ് കമ്മിറ്റിയിൽ സഹകരണ വകുപ്പ് സെക്രട്ടറി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറും താഴെ പറയുന്നവർ അംഗങ്ങളുമായിരുന്നു.

**1** കേരള സംസ്ഥാന സഹകരണ ബാങ്ക്പ്രസിഡന്റ്
2.ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ
3.മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
4. ജനറൽ മാനേജർമാർ (ഇടുക്കി/കോഴിക്കോട്/തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകൾ)
5. ഡയറക്ടർ, ഐ.സി.എം കണ്ണൂർ
6. ഡയറക്ടർ, ഐ.സി.എം തിരുവനന്തപുരം
7.ശ്രീമതി.ഉഷ രമേശ്, ജനറൽ മാനേജർ, നബാർഡ്
8. ഡോ.എം.രാമനുണ്ണി, പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് & ടെക്നോളജി, തൃശ്ശൂർ
9. സെക്രട്ടറി, മണ്ണാർക്കാട് സഹകരണ റൂറൽ ബാങ്ക്
10.സെക്രട്ടറി, എ.ആർ.നഗർ സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം
11.പ്രസിഡന്റ്, അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, അടാട്ട്, തൃശ്ശൂർ
12.ശ്രീ.വി.ജോയി, സെക്രട്ടറി പി.എ.സി.എസ് അസോസിയേഷൻ, കേരള

**12.01.2016** ലെ ടി സ്റ്റിയറിംഗ് കമ്മിറ്റി യോഗതീരുമാനപ്രകാരം ഇടുക്കി, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ജനറൽമാനേജർ, സംസ്ഥാന സഹകരണ ബാങ്കിന്റെ ചീഫ് ജനറൽ മാനേജർ, ഡോ.രാമനുണ്ണി, പ്രിൻസിപ്പാൾ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

മാനേജ്മെന്റ് ആന്റ് ടെക്നോളജി, ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് തിരുവനന്തപുരം, മണ്ണാർക്കാട് റൂറൽ സഹകരണ ബാങ്ക് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. **23.12.2016** ൽ സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയുടെ യോഗം വിളിച്ചു ചേർത്ത്, അതിൽ ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിന് അഞ്ച് അംഗങ്ങൾ അടങ്ങിയ ഒരു മെമ്പർ കമ്മിറ്റിയെ രൂപീകരിക്കുകയും **14.02.2017** ൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കോർ ബാങ്കിംഗുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്റ്റീയറിംഗ് കമ്മിറ്റിയുടെ യോഗം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ കോമൺ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിലേയ്ക്കായി എട്ട് അംഗങ്ങളടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

തുടർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്ന വിഷയത്തിൽ ഇഫ്കാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി **17.11.2017** ലെ സ.ഉ. (സാധാ) നം. **612/2017/**സഹ ഉത്തരവ് പ്രകാരം ഒരു സെക്രട്ടറിതല കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇഫ്കാസ് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നതിനും ആയതു നടപ്പാക്കുന്നത് സംബന്ധിച്ച ഇഫ്കാസ് സോഫ്റ്റ് വെയറിന്റെ സാങ്കേതികത, സോഫ്റ്റ് വെയർ കോസ്റ്റ്, ആവർത്തന ചെലവ് എന്നിവ സംബന്ധിച്ച് ഈ സ്ഥാപനവുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതിന് **19.03.2018** ലെ സ.ഉ (സാധാ) നം.**167/2018/**സഹ നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി, ഇലക്ട്രോണിക്സ് **&** ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് ചെയർമാനായും സെക്രട്ടറി സഹകരണ വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർ, ഡയറക്ടർ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, ഡയറക്ടർ **SeMT** എന്നിവർ മെമ്പർമാരായും ഉദ്യോഗസ്ഥതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥതല കമ്മിറ്റി വിഷയം പരിശോധിച്ചു വരുന്നതേയുള്ളൂ.

**സെക്ഷൻ ഓഫീസർ**